ദർശനം നടത്തുന്ന മുതിർന്ന പൗരൻമാർക്കുള്ള സൗകര്യങ്ങളും സൗജന്യങ്ങളും

83 [762] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
„ കെ. എ. ചന്ദ്രൻ :
„ കെ. സുധാകരൻ :
„ കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ക്ഷേത്രങ്ങളിൽ ദർശനം നടത്തുന്ന മുതിർന്ന പൗരൻമാർക്ക് (സീനിയർ സിറ്റിസൺ) എന്തെല്ലാം സൗകര്യങ്ങളും സൗജന്യങ്ങളും നൽകിവരുന്നുണ്ട് ;

(ബി) പ്രായാധിക്യംമൂലം കായബലം ഇല്ലാത്ത ഇവർക്കുവേണ്ടി ദർശനത്തിന് പ്രത്യേക ദർശന നിരകൾ ഏർപ്പെടുത്തുമോ ;

(സി) പ്രസാദം ഊട്ടുള്ളതോ പ്രദോഷ വ്രതക്കാർക്ക് വെള്ള നിവേദ്യം കൊടുക്കുന്നതോ ആയ ക്ഷേത്രങ്ങളിലും ഇവർക്ക് പ്രത്യേകമായി ടോക്കൺ നൽകുന്നതിനോ പ്രത്യേകം ക്യൂ ഏർപ്പെടുത്തുന്നതിനോ സംവിധാനം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഗുരുവായൂർ ക്ഷേത്ര ദർശനത്തിന് എത്തുന്ന മുതിർന്ന പൗരൻമാർക്ക് വൈകിട്ട് 4-30 മുതൽ 6 വരെയുള്ള സമയത്ത് ക്യൂവിൽ നിൽക്കാതെയുള്ള ദർശന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

കൊടുങ്ങല്ലൂർ ചേരമാൻ ജുമാമസ്ജിദിന് കേന്ദ്ര സർക്കാർ സഹായ പദ്ധതി

84 [763] ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂരിലെ ചേരമാൻ ജുമാമസ്ജിദിനുവേണ്ടി കേന്ദ്ര സർക്കാർ സഹായത്തോടെ എന്തെങ്കിലും പദ്ധതി തയ്യാറാക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇത് എന്നത്തേക്ക് പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ—സി) ചേരമാൻ ജുമാമസ്ജിദ് പ്രദേശത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനുതകുന്ന ഒരു പദ്ധതി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിരുന്നു. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള പ്രധാന തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധപ്പെടുത്തിയുള്ള 'തീർത്ഥാടന ടൂറിസം സർക്യൂട്ട്' എന്ന പദ്ധതിക്ക് 704.45 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചേരമാൻ ജുമാമസ്ജിദും ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly